## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 675 — 01/12/2015-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ ഭൂരഹിതർക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ :<br>.. ഐ.സി.ബാലകൃഷ്ണൻ :<br>.. ഡൊമിനിക് പ്രസന്റേഷൻ :<br>.. വി.ഡി.സതീശൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി "ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം" എന്ന പദ്ധതി പ്രകാരം 25 സെന്റിൽ കുറയാതെ ഒരേക്കർ വരെ ഭൂമി വാങ്ങുന്നതിന് പരമാവധി 10 ലക്ഷം രൂപ അനുവദിച്ചുവരുന്നു. കൂടാതെ, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് മുൻഗണന നൽകി ഒരേക്കർ ഭൂമി വീതം നൽകുന്ന പദ്ധതി, നിക്ഷിപ്ത വനഭൂമി, മിച്ചഭൂമി മുതലായവ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുന്ന പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി [redacted] ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം എന്ന പദ്ധതി [redacted] പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം നടപ്പാക്കുവാൻ സാധിക്കും. ഭൂരഹിതരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്രകാരം ഭൂമി ലഭിക്കുന്ന എല്ലാപേർക്കും വീട് വയ്ക്കുന്നതിനുള്ള ധനസഹായം നൽകുന്നതാണ്. കൂടാതെ, 25 സെന്റ് മുതൽ ഒരേക്കർവരെ ഭൂമി ലഭ്യമാകുന്നതിനാൽ കൃഷി ചെയ്യുന്നതിനും മറ്റും സാധിക്കുമെന്നതിനാൽ സാമ്പത്തികമായും സാമൂഹികമായും ഗുണഭോക്താക്കൾക്ക് ഉന്നതിയിലെത്താൻ സാധിക്കുന്നു. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) | 2012 - 13 വർഷം ആരംഭിച്ച പദ്ധതിയ്ക്ക് ദൃശ്യമാധ്യമങ്ങളിലൂടെയും ടി.ഇ.ഒ, പ്രൊമോട്ടർമാർ മുഖേനയും വ്യാപക പ്രചാരണം നൽകിയിട്ടുണ്ട്. "ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം" പദ്ധതി, ആദിവാസി പുനരധിവാസ വികസന മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്നിവയ്ക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായുള്ള ജില്ലാതല ഉന്നതാധികാര സമിതി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ